I/5864996/2023

"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

നമ്പർ.സി3/100/2023/ഐ&പി.ആർ
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ്(സി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 08-09-2023

**ക്വട്ടേഷൻ നോട്ടീസ്**

സർക്കാരിന്റെ 2 വർഷത്തെ പ്രവർത്തന നേട്ടങ്ങൾ പുസ്തക രൂപത്തിൽ പുറത്തിറക്കുന്നതിന്റെ ഭാഗമായി ന്യൂനപക്ഷ ക്ഷേമം വകുപ്പിന്റെ നേട്ടങ്ങൾ ഉൾക്കൊള്ളിച്ചുള്ള ബുക്ക് ലെറ്റുകൾ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ചുമതലയിൽ അച്ചടിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. അപ്രകാരം താഴെപ്പറയുന്ന സ്പെസിഫിക്കേഷനിൽ അച്ചടിക്കുന്നതിന് താത്പര്യമുള്ള ആധുനിക സൗകര്യങ്ങളുള്ള അച്ചടി സ്ഥാപനങ്ങളിൽ നിന്നും വകുപ്പിന്റെ നിബന്ധനകൾ പാലിച്ചുകൊണ്ട് മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

**ന്യൂനപക്ഷക്ഷേമവകുപ്പ് നേട്ടങ്ങൾ**
**പേജ് 40**
**സൈസ്: 25x 24**
**മൾട്ടി കളർ, കവർ: 300 ജിഎസ്എം, ഇന്നർ: 130 ജിഎസ്എം**
**2500 കോപ്പികൾ**

**പൊതുനിബന്ധനകൾ**

1. സംസ്ഥാനത്തിനകത്ത് ആസ്ഥാന ഓഫീസും സ്വന്തമായി പ്രസ്സുമുള്ള സ്ഥാപനത്തെ മാത്രമേ പരിഗണിക്കുകയുള്ളൂ. ബന്ധപ്പെട്ട രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം.
2. അച്ചടിയ്ക്കായി മാറ്റർ നല്കികഴിഞ്ഞാൽ പരമാവധി 5 ദിവസത്തിനകമോ വകുപ്പ് നിർദ്ദേശിക്കുന്ന തിയതിയനുസരിച്ചോ അച്ചടി പൂർത്തിയാക്കി പ്രസിദ്ധീകരണം ലഭ്യമാക്കണം.
3. അച്ചടിക്കൂലിയും നിയമാനുസൃതമായ നികുതിയും അല്ലാതെ മറ്റൊരു തുകയും അനുവദിക്കുന്നതല്ല. ആയതിനാൽ മറ്റ് ഫീസോ നിരക്കോ ബില്ലിൽ ഉൾപ്പെടുത്താൻ പാടുള്ളതല്ല.
4. വകുപ്പിൽ നിന്ന് മുമ്പ് അച്ചടി കരാർ ലഭിച്ച ശേഷം കരാർ ലംഘനം നടത്തിയ സ്ഥാപനങ്ങളെ പരിഗണിക്കാതിരിക്കാൻ ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
5. അച്ചടിക്കടലാസുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
6. അച്ചടി സ്ഥാപനത്തിന്റെ ശേഷി, യന്ത്ര സംവിധാനങ്ങളുടെ മികവ്, അച്ചടി കൃത്യമായി നിർവ്വഹിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ എന്നിവ ഡയറക്ടറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഓഫീസറോ പരിശോധിച്ച ശേഷമായിരിക്കും കരാർ സംബന്ധിച്ച അന്തിമ തീരുമാനമെടുക്കുക.

ഉന്നത ഗുണനിലവാരത്തിലും വേഗത്തിലും അച്ചടിക്കാനുള്ള അത്യാധുനിക യന്ത്രസംവിധാനം പ്രസ്സുകളിൽ ഉണ്ടായിരിക്കണം. പ്രസ്സിന്റെ നിലവാരവും സംവിധാനവും പരിശോധിച്ച് കരാർ സംബന്ധിച്ച അന്തിമ തീരുമാനം എടുക്കാൻ ഡയറക്ടർക്ക് പൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്.

7. കരാർ വ്യവസ്ഥ ലംഘിക്കുന്ന സ്ഥാപനത്തിന്റെ കരാർ റദ്ദാക്കുന്നതിനുള്ള അധികാരം ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

ക്വട്ടേഷൻ നോട്ടീസ് പ്രസിദ്ധീകരിക്കുന്ന തീയതി – 11.09.2023

ക്വട്ടേഷൻ അവസാന തീയതി – 18.09.2023

ക്വട്ടേഷൻ തുറക്കുന്ന തീയതി – 19.09.2023

സുഭാഷ് ടി വി ഐ.എ.എസ്
ഡയറക്ടർ

പകർപ്പ്

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)